# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3419** **23/06/2014-ൽ മറുപടിയ്ക്ക്**

**പൊഴിക്കര - കൊല്ലം തീരദേശ റോഡിന്റെ ശോചനീയാവസ്ഥ**

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൊഴിക്കര നിന്നും ആരംഭിച്ച് ലക്ഷ്മീപുരം തോപ്പ് വഴി കൊല്ലത്തേക്കുള്ള തീരദേശ റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | മേൽ റോഡിന്റെ പൂർണ്ണ തോതിലുള്ള ഗതാഗതത്തിനുള്ള അസൗകര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ മുക്കം പൊഴി മുതൽ ലക്ഷ്മിപുരം തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ മുക്കം പൊഴി മുതൽ പരവൂർ പൊഴിക്കര വരെയുള്ള റോഡ് ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കുന്നതിന് 3 തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും തന്നെ പങ്കെടുത്തില്ല. ആയതിനാൽ ഒരിക്കൽകൂടി ടി പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഇരവിപുരം മുതൽ കാക്കത്തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണത്തിന് 80 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചുവെങ്കിലും ടി റോഡ് നിർമ്മിക്കേണ്ട ഭാഗത്ത് ശക്തമായ കടലാക്രമണം കാരണം നിലവിലുള്ള കോസ്റ്റൽ റോഡിന്റെ ഭാഗങ്ങൾ കടൽ കവർന്നെടുത്തതിനാൽ റോഡ് പ്രവൃത്തി ഇപ്പോൾ ക്രമീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. |
| (ബി) പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനും നിർമ്മാണം പൂർത്തീകരിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | പൊഴിക്കര നിന്നും ആരംഭിച്ച് ലക്ഷ്മിപുരംതോപ്പ് വഴി കൊല്ലത്തേയ്ക്കുള്ള തീരദേശ റോഡിൽ ഉൾപ്പെട്ട<br>1. മുക്കംപൊഴി മുതൽ ലക്ഷ്മിപുരം തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്.<br>2. പൊഴിക്കര മുതൽ മുക്കംപൊഴി വരെയുള്ള റോഡിന്റെ ടാറിങ്ങിനായി 3 തവണ ദർഘാസ് ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ ടി പ്രവൃത്തി ഒരിക്കൽകൂടി ടെൻഡർ ചെയ്യുന്നതി നുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>3. ഇരവിപുരം കാക്കത്തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണം. ടി ഭാഗത്ത് ഇറിഗേഷൻ വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്രമീകരിക്കാവുന്നതാണ്. |

**സെക്ഷൻ ആഫീസർ**